**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7341

17.07.2012 ൽ
മറുപടിക്ക്

<u>ഇന്ദിരാ ആവാസ് യോജനയുടെ വിശദാംശങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് പറയുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇന്ദിരാ ആവാസ് യോജനപദ്ധതി പ്രകാരം അനുവദിക്കപ്പെട്ടവീടുകളുടെ എണ്ണം - 56000 |
| ബി) | ഇവയിൽ എത്ര എണ്ണം പണി പൂർത്തീകരിച്ച് തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ പദ്ധതിയിൽ പൂർത്തിയായ വീടുകളുടെ എണ്ണം - 43,255. |
| സി) | ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം വീട് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | സി) | ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് 60%വും, ഇതര(പൊതു) വിഭാഗത്തിൽ പെട്ടവർക്ക് 40%ഉം വീടുകൾ അനുവദിക്കുന്നു.. ഇതിൽ 3% വീടുകൾ വികലാംഗർക്കും, 15% വീടുകൾ ന്യൂനപക്ഷ വിഭാഗങ്ങൾക്കും അനുവദിക്കേണ്ടതാണ്. |
| ഡി) | ഓരോ വിഭാഗത്തിനും അനുവദിക്കുന്ന തുക എത്രയാണെന്ന് അറിയിക്കാമോ; | ഡി) | ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം കേന്ദ്ര സംസ്ഥാന വിഹിതമായി 48,500/- രൂപയാണ് യൂണിറ്റ് കോസ്റ്റ്. എന്നാൽ പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്കും, പൊതു വിഭാഗത്തിൽപ്പെട്ടവർക്കും അധിക ധനസഹായം ഉൾപ്പെടെ അനുവദിക്കുന്ന തുക - 2,00,000/- രൂപയും പട്ടികവർഗ്ഗവിഭാഗത്തിൽ പെട്ടവർക്ക് അനുവദിക്കുന്ന തുക - 2,50,000/- രൂപയുമാണ്. |

| | | | |
|---|---|---|---|
| ഇ) | ഈ പദ്ധതിയിൽ അംഗമാകുന്നതിന് ഏതെല്ലാം രേഖകളാണ് നൽകേണ്ടതെന്ന് വിശദമാക്കുമോ ? | ഇ) | സംസ്ഥാനത്തെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭൂരഹിത ഭവനരഹിതരുടെ ഒരു ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിൽ നിലവിലുണ്ട്. ഈ ലിസ്റ്റിൽ നിന്നും സ്വന്തമായി വീട് വയ്ക്കുന്നതിന് 2 1/2 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ഭവനരഹിതരായവരിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.. ഗ്രാമസഭ അംഗീകാരത്തോടുകൂടി ഐ.എ.വൈ പദ്ധതിയ്ക്കായുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് മുൻഗണന ക്രമം നിശ്ചയിച്ച് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്നു. ബ്ലോക്ക് പഞ്ചായത്തുകളിൽ ഭവന നിർമ്മാണ ആനുകൂല്യത്തിനായുള്ള അപേക്ഷയോടൊപ്പം വസ്തുവിന്റെ കൈവശ അവകാശ സർട്ടിഫിക്കറ്റും കരം തീർത്ത രസീതും, ഐഡന്റിഫിക്കേഷൻ കാർഡിന്റെ പകർപ്പും, റേഷൻ കാർഡിന്റെ പകർപ്പും (നിർബന്ധമില്ല) ഹാജരാക്കിയാൽ മതിയാകും. ഗുണഭോക്താവ് ബി.പി.എൽ വിഭാഗത്തിൽപ്പെട്ട, അർഹതയുള്ള ആളാണോ എന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതുമുണ്ട്. |

സെക്ഷൻ ഓഫീസർ